ഇറയം റിസർച്ച് ജേർണൽ
September-December 2023 Volume VII Issue 3

# വഞ്ചിപ്പാട്ടുകളിലെ വിഭിന്ന ശൈലികളും അവതരണ വൈവിധ്യവും – ഒരു വിശകലനം

**സുനിൽകുമാർ.കെ**

**സംഗ്രഹം**

കേരളത്തിലെ ജലോൽസവങ്ങളുടെയും ജലയാനങ്ങളുടെയും ഭാഗമായി ഉണ്ടായ ഗാന ശാഖയാണ് വഞ്ചിപ്പാട്ടുകൾ. ആറന്മുള ശൈലി കുട്ടനാടൻ ശൈലി, വെച്ചു പാട്ടു ശൈലി എന്നിങ്ങനെ വിവിധ ശൈലികൾ വഞ്ചിപ്പാട്ടുകൾക്കുണ്ട്. അവയുടെ അവതരണത്തിനും ഏറെ സവിശേഷതകൾ ഉണ്ട്. കേരളത്തിലെ വഞ്ചിപ്പാട്ടുകളുടെ വിവിധ ശൈലികളെയും അവതരണ ഭേദങ്ങളെയും വിശകലനം ചെയ്യുകയാണിവിടെ.

**താക്കോൽവാക്കുകൾ:**

വഞ്ചിപ്പാട്ട്, കുട്ടനാടൻശൈലി, ആറന്മുള ശൈലി

**ആമുഖം.**

വള്ളംകളിയുടെ നാട്ടിൽ വഞ്ചിപ്പാട്ടുകൾ പിറക്കുക സ്വാഭാവികമാണ്. 41 നദികളും 34 കായൽ പരപ്പുകളുമുള്ള കേരളത്തിന്റെ സ്വന്തം ജലയാനസംസ്കാരത്തിന്റെ സംഗീത അടിത്തറയാണ് വള്ളപ്പാട്ടുകൾ / അഥവാ വഞ്ചിപ്പാട്ടുകൾ. കായലും നദികളും തോടുകളും തീർത്ത വൈവിധ്യമാർന്ന ജലസമ്പത്തിന്റെ നീരൊഴുക്കിന്റെ ചലന ഭേദങ്ങൾക്കനുസരിച്ച് വഞ്ചിപ്പാട്ടിന്റെ താളവും ശീലും വിഭിന്നമായി പരിണമി ച്ചു. നതോന്നതയുടെ വിവിധ താളങ്ങൾ ജലപ്പരപ്പിൽ വീഴുന്ന തുഴകളുടെ ചലന ഭേദങ്ങൾക്ക് വഴിയൊരുക്കി. കേരളത്തിൽ പ്രധാനമായും കുട്ടനാട് കോഴഞ്ചേരി താലൂക്കുകളിലെ വിവിധ കരകളിൽ വ്യത്യസ്തമായ വഞ്ചിപ്പാട്ടുകൾ രൂപപ്പെടാൻ ഇടയായ ഭൂമിശാസ്ത്ര പരമായ സാഹചര്യങ്ങൾ പ്രത്യേകം പഠന വിധേയമാക്കേണ്ടതാണ്. ഇവിടെ കേരളത്തിലെ വിവിധ ശൈലികളിലുള്ള വഞ്ചിപ്പാട്ടുകളെയും അവതരണ രീതിയിലുള്ള

വൈവിധ്യ ആളെയും ആണ് പഠന വിധേയമാകുന്നത്. നൂറ്റാണ്ടുകളുടെ പഴക്കവും പ്രചാരവും അവകാശപ്പെടുന്ന ഒരു കാവ്യ ശാഖയാണ് വഞ്ചിപ്പാട്ടുകൾ മലയാള ഭാഷയിലല്ലാതെ മറ്റൊരു ഭാഷയിലും വഞ്ചിപ്പാട്ടുകൾ ഒരു സാഹിത്യ ശാഖയായി പരിണമിച്ചിട്ടില്ല. വഞ്ചിപ്പാട്ട് എന്നതിനെ പ്രൊ. ഇടനാട് രാധാകൃഷ്ണൻ നായർ വിശദമാക്കുന്നത് ഇങ്ങനെയാണ് . "

വള്ളം തുഴയുന്നതിനും വഞ്ചി കളിക്കുന്നതിനും, കായലുകളിലും തോടുകളിലും നദികളിലും കൂടി ചരക്കു കയറ്റിയ വള്ളങ്ങൾ തുഴഞ്ഞും തണ്ടുവലിച്ചും കഴുക്കോലുകൾ കൊണ്ട് ഊന്നി നീങ്ങു മ്പോഴും പ്രത്യേക തരം ശബ്ദങ്ങളും പാട്ടുകളും തുഴക്കാരും ജോലിക്കാരും ഉപയോഗിക്കാറുണ്ട്. എന്നാൽ അങ്ങനെയുള്ള ശബ്ദ ശകലങ്ങളെയോ വായ്ച്ചൊല്ലുകളേയോ വഞ്ചിപ്പാട്ടുകൾ എന്നു വിളിക്കാനാവില്ല. ഉദാ: ഹ ഹ ഹാ തൈയ് തെയ് തുടങ്ങിയ ആക്രോശങ്ങൾ വള്ളം തുഴയലിന് ഊർജ്ജം പകരുമെങ്കിലും അത് വഞ്ചിപ്പാട്ട് അല്ല എന്നു മനസ്സിലാക്കേണ്ടതാണ് ". ആദ്യത്തെ വരിയിൽ 16 മാത്രകളും രണ്ടാമത്തെ വരിയിൽ 13 മാത്രകളും ചേർന്ന അളവിൽ പ്രത്യേക സാഹിത്യം ഉപയോഗിച്ച് താളക്രമത്തിൽ പാടുന്നതാണ് വഞ്ചിപ്പാട്ട് . വൃത്ത മഞ്ജരി എന്ന ഗ്രന്ഥത്തിൽ ശ്രീ എ ആർ രാജ രാജവർമ്മ ' നതോന്നത ' എന്ന പേരിൽ വിവരിക്കുന്ന ഭാഷാ വൃത്തത്തിന്റെ അളവിലാണ് വഞ്ചിപ്പാട്ട് സാഹിത്യം വിരചിതമായിരിക്കുന്നത്. നതോന്നതവൃത്തത്തിന് എ ആർ നൽകുന്ന ലക്ഷണം ഇതാണ്.

" ഗണം ദ്വക്ഷരമെട്ടെണ്ണമൊന്നാം പാദത്തിൽ

മറ്റതിൽ ഗണമാറര നിൽക്കേണം രണ്ടുമെട്ടാവതക്ഷരേ

ഗുരു തന്നെയെഴുത്തെല്ലാ

മിശ്ശീലിൻ പേർ നതോന്നത".

ഈ തോതിൽ രചിക്കപ്പെട്ടിട്ടുള്ള ഈരടികളെയാണ് വഞ്ചിപ്പാട്ട് എന്ന സാഹിത്യ ശാഖയായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നത്.

കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ വിവിധ തരത്തിലുള്ള വഞ്ചി പ്പാട്ടുകളുടെ രൂപികരണത്തിന് വഴിയൊരുക്കിയിട്ടുണ്ട്. വള്ളം തുഴയുമ്പോൾ തുഴക്കാർക്ക് ആവേശം പകരനാനും തുഴച്ചിലിന്റെ ഗതിവേഗം നിയന്ത്രിക്കുന്നതിനും ഈ പാട്ടുകൾ വലിയ പങ്ക വഹിച്ചിട്ടുണ്ട്. അതു പോലെ കേരളത്തിലെ പ്രധാന വൈഷ്ണവ ക്ഷേത്രങ്ങളിലൊന്നായ ആറന്മുള ക്ഷേത്രത്തിന്റെ ആചാരാനുഷ്ഠാനങ്ങളിലെല്ലാം തന്നെ വഞ്ചിപ്പാട്ട് ഒരു പ്രധാന ഇഴയായി ചേർന്നിരിക്കുന്നു. അത്തരത്തിൽ പരിശോധിക്കുമ്പോൾ ഒരു അനുഷ്ഠാന കല എന്ന നിലയിലും വഞ്ചിപ്പാട്ടുകൾ ശ്രദ്ധിക്കപ്പെടുന്നു. അവ ഭക്തിഭാവ സാന്ദ്രമായി പമ്പാനദിയുടെ തീരത്തെ ദേശങ്ങളിൽ പുതിയൊരു സാംസ്കാരിക ഭൂമിക ഒരുക്കി.

കായൽ പരപ്പുകളാൽ ചുറ്റപ്പെട്ട ആലപ്പുഴ ജില്ലയിൽ വഞ്ചിപാട്ടുകൾ വള്ളം തുഴയിലിന്റെ ശക്തി പരിപോഷിപ്പിക്കുവാൻ രൂപപ്പെട്ടവയാണ്. അതുകൊണ്ടു തന്നെ ഒരു കായിക വിനോദത്തിന്റെ പശ്ചാത്തലത്തിലാണ് ഇത് വികസിച്ചത്.. ഈ ഭൂപ്രദേശങ്ങളിൽ അതായത് ആറന്മുളയിലും കുട്ടനാട്ടിലും ( പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ )വിപുലനം നടന്ന രണ്ടു തരം വഞ്ചി പ്പാട്ടുകളാണ് വഞ്ചി പ്പാട്ടിന്റെ പ്രധാന ശൈലികൾ . അവ ആറമുള ശൈലി വഞ്ചിപ്പാട്ട് എന്നും കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ടെന്നും അറിയപ്പെടുന്നു. ഈ രണ്ടു തരത്തിലുള്ള വഞ്ചിപ്പാട്ടു ശൈലികളിൽ ത്തന്നെ വൈവിധ്യത്തെ ചേർക്കുന്നതിന് രൂപപ്പെട്ട അവതരണ ശൈലിയാണ് 'വെച്ചു പാട്ടുകൾ . വഞ്ചിപ്പാട്ട് അവത രണത്തിൽ ഇങ്ങനെ പ്രധാനമായും നാലുതരം പാട്ടുകളാണ് വികാസം പ്രാപിച്ചത്. അവയെ ഇങ്ങനെ തരം തിരിക്കാം

1 ആറന്മുള വഞ്ചിപ്പാട്ട്

2 കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ട്

3 ആറന്മുള വെച്ച പാട്ട്

4. കുട്ടനാടൻ വെച്ചപാട്ട്

**ആറന്മുള ശൈലി വഞ്ചിപ്പാട്ട്**

ഏറ്റവും പഴക്കമുള്ള വഞ്ചിപ്പാട്ടാല പന ശൈലി ആറന്മുള ശൈലിയാണ് (3) ". എന്ന് പ്രൊഫസർ ഇടനാട് രാധാകൃഷ്ണൻ നായർ വള്ളംകളിയും വഞ്ചിപ്പാട്ടുകളും എന്ന കൃതിയിൽ പറഞ്ഞിരിക്കുന്നു. ഹൈന്ദവ വിശ്വാസത്തിന്റെ അദ്ധ്യാത്മിക / പശ്ചാത്തലത്തിൽ രൂപപ്പെട്ട ഒരു ഗാന ശാഖയാണ് ആറന്മുള വഞ്ചി പ്പാട്ടുകൾ. "തിരുവാറന്മുള യപ്പന് ഓണക്കാലത്ത് , ആറന്മുള ക്ഷേത്രവുമായ ബന്ധമുള്ള അമ്പതിലേറെ കരക്കാർ സമർപ്പിക്കുന്ന ഒരു വഴിപാടാണ് യഥാർത്ഥത്തിൽ ആറന്മുള വള്ളം കളി " . വള്ളംകളിയിൽ ഭക്തർ പാടുന്ന പാട്ടുകളാണ് വഞ്ചി പ്പാട്ട് അഥവാ വള്ളപ്പാട്ട്എന്ന പേരിൽ പിന്നീട് പ്രസിദ്ധമായത്. വള്ള പ്പാട്ട പാടുകയെന്നത് ആറന്മുളയിലെ പാർത്ഥ സാരഥി ഭക്തർക്ക് ഒരു ഈശ്വരോപാസനയാണ്. " പള്ളിയോടത്തിൽ ദേവ സാന്നിധ്യം ഉണ്ടെന്നാണ് വിശ്വാസം. "ക്ഷേത്രാനുഷ്ഠാനമായ വള്ളം കളിയിൽ പുരാണ കഥാശ്രയികളായ വഞ്ചിപ്പാട്ടുകൾ മാത്രമാണ് അധികവും ആലപിക്കുന്നത് ".

പത്തനംതിട്ടജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ ഹിന്ദുമത ആചാരങ്ങളുടെ ഭാഗമായുള്ള മിക്ക ചടങ്ങുകളിലും വഞ്ചിപ്പാട്ട പാടുക പതിവാണ്. വിവാഹം. വിശിഷ്ട വ്യക്തികളെ സ്വീകരിക്കൽ, ചോറൂണ്, വള്ളസദ്യ,തിരുവോണത്തോണി.അഷ്ടമിരോഹിണി ആഘോഷം എന്നിവയിലെല്ലാം വഞ്ചിപ്പാട്ടുകൾ പ്രാധാന്യത്തോടെ ആലപിക്കാറുണ്ട്. ആറമുള ക്ഷേത്രാചാരങ്ങളുടെ ഭാഗമായി പങ്കെടുക്കുന്ന വഞ്ചികളെ 'പള്ളിയോടങ്ങൾ " എന്നാണ് പറയുന്നത്. ചെറുതും വലുതുമായ 50 ൽ അധികം പള്ളിയോടങ്ങൾ ഇന്നും അറന്മുള ക്ഷേത്രാചാരങ്ങളിൽ പങ്കെടുക്കുന്നു.

ആറന്മുള വഞ്ചിപ്പാട്ട് അവതരണ രീതി:

ജലപാതകളുടെ പ്രത്യേകത അനുസരിച്ചാണ് വഞ്ചിപ്പാട്ടുകൾ രൂപപ്പെട്ടത്. പമ്പാ നദിയാണ് ആറന്മു പ്പള്ളിയോടങ്ങളുടെ പ്രധാന ജലപാത ' ഇത് അറന്മുള പ്രദേശത്ത് പടിഞ്ഞാറ് പള്ളിപ്പാട്ടു മുതൽ കിഴക്ക് പെരുനാട് വരെയുള്ള പ്രദേശം ഉൾപ്പെട്ടതാണ്. ആറന്മുള വഞ്ചിപ്പാട്ടു രീതി വളരെ സവിശേമായ ഒരു ഗാനാലാപന രീതിയാണ് . " നിറഞ്ഞൊഴുകുന്ന പമ്പാ നദിയുടെ വിരിമാറിലൂടെ പാട്ടുപാടിക്കളിച്ച് തുഴഞ്ഞു നീങ്ങി ങ്ങുന്നതിന് അനുയോജ്യമായ ആലാപന ശൈലിയാണ് പൂർവികന്മാർ ചിട്ട പ്പെടുത്തിയത് ' എന്ന് ശ്രീ ഇടനാട് രാധാകൃഷ്ണൻ നായർ അഭിപ്രായപ്പെടുന്നു. പാടുമ്പോൾ ഓരോ വരിയും എട്ടാമത്തെ അക്ഷരത്തണം. അക്ഷരമെല്ലാം നീട്ടി പാടുന്നവയായിരിക്കണം.

കൂട്ടായ്മയുടെയും കൂട്ടുത്തരവാദിത്തത്തിന്റെയും ഒരു ഉത്തമ പ്രതീകമാണ് ആറന്മുള വഞ്ചി പ്പാട്ടാലാപനം. ആലാപനത്തിന് തല പ്പാട്ടുകാരനും ( മുൻപാട്ടുകാരനും ) പിൻപാട്ടുകാരും ( കൂടെ പാടുന്നവർ ) ഉണ്ട്. പാട്ടിൽരണ്ടു കൂട്ടർക്കും പ്രത്യേകം ഉത്തര വാദിത്തങ്ങൾ ഉണ്ട്.

" ഗോവിന്ദ തിരുനാമസങ്കീർത്തനം ഗോവിന്ദ ഹരി......... ഹരി ഗോവിന്ദ...... ഹരി " .. ..... എന്ന നാമസങ്കീർത്തനം പാടിയാണ് ആറന്മുള വഞ്ചിപ്പാട്ടുകൾ പാടി തുടങ്ങുന്നത്. ഈ സങ്കീർത്തനാലാപം മുൻപാട്ടുകാരും പിൻപാട്ടുകാരും പ്രത്യേക ഉത്തരവാദിത്തത്തോടെ യാണ് ചെയ്യുന്നത്.

'ഗോവിന്ദ തിരു നാമസങ്കീർത്തനം ഗോവിന്ദ ഹരി........ എന്ന് തലപ്പാട്ടുകാരൻ നീട്ടിപാടുന്നു. ഹരി ഗോവിന്ദ എന്ന് പിൻ പാട്ടുകാർ തുടർന്നു പാടും ' 'ഹരി' എന്ന് തലപ്പാട്ടുകാരൻ ഒറ്റവാക്ക് ഒരു പ്രത്യേക താള ത്തിൽ പാടിയതിനു ശേഷം ' ഗോവിന്ദ എന്ന് പിൻപാട്ടുകാർ നീട്ടിപ്പാടും ' ഇത് രണ്ട് പ്രാവശ്യം ആവർത്തിക്കും. ആറന്മുള ശൈലിയിൽ എവിടെ ഏത് വഞ്ചിപ്പാട്ടു പാടുമ്പോഴും ഈ ചിട്ട പിൻതുടരും. തുടർന്ന്

തനതു താളത്തിൽ ഗണപതി സരസ്വതി സ്തുതികൾ ,ഗുരുവന്ദനം സ്ഥലദേവതാ വർണന . പാർത്ഥസാരഥി സ്തുതികൾ ഒക്കെ പാടിയതിനു ശേഷമാണ് ശ്രീകൃഷ്ണ വർണനകൾ ഉൾപ്പെടുന്ന സ്തുതികൾ പാടിത്തുടങ്ങുന്നത്.

രാമപുരത്തു വാര്യർ എഴുതിയ കുചേലവൃത്തം വഞ്ചി പാട്ടിലെ ഒരു ഈരടി ഉദാഹരണമായി ആറന്മുള വഞ്ചിപ്പാട്ടു ശൈലിയെ ഇവിടെ വിശദീകരിക്കുന്നു.

" പള്ളീ മഞ്ചത്തിന്നു വെക്ക മുത്ഥാനംചെയ്തിരുപക്ക

മുള്ള പരിജനത്തോടു കൂടി മുകുന്ദൻ "

16 അക്ഷരമുള്ള ആദ്യവരിയെ തലപ്പാട്ടുകാരൻ 8 അക്ഷരത്തിൽ വച്ച്

പള്ളിമഞ്ചത്തിന്നു വെക്കം :

ഇങ്ങനെ മുറിക്കുന്നു. അപ്പോൾ പിൻപാട്ടുകാർ അഥവാ കൂട്ടാളികൾ "തെയ് തെയ് തക തെയ് തെയ് തോ.......

എന്ന് വായ്ത്താരി പാടും ' തുടർന്ന് തലപ്പാട്ടുകാരൻ "പള്ളിമഞ്ചത്തിന്നു വെക്ക മുത്ഥാനംചെയ്തിരു പക്കം " എന്നിങ്ങനെ ആദ്യ വരി മുഴുവൻ പാടുന്നു. തുടർന്നു പിൻ പാട്ടുകാർ ആദ്യവരി മുഴുവനും 2 പ്രാവശ്യം മുൻപാട്ടുകാരന്റെ ശ്രുതി താളങ്ങൾക്കനുസരിച്ച് പാടുന്നു. അതിനു ശേഷം

" തെയ് തെയ് തകത തീതകതോ തീയതിത്തോ തിത്തോ തികി തോ " എന്ന വായ്ത്താരി കൂട്ടായ്മയോടെ രണ്ടു പ്രാവശ്യം പാടുന്നു. തുടർന്ന് രണ്ടാമത്തെ വരി എട്ടക്ഷരത്തിൽ നിറുത്തി തലപ്പാട്ടുകാരൻ പാടുന്നു വായ്ത്താരികൾ ആദ്യവരിയിലേതുപോലെ ആവർത്തിക്കപ്പെടുന്നു. രണ്ടാമത്തെ വരിയിൽ 13 അക്ഷരമാണ് ഉള്ളത്. താളക്രമം സമമായി പാലിക്കുന്നതിന് വേണ്ടി രണ്ടാം വരി പാടുന്നതിന്റെ അവസാനം തെയ് എന്ന വായ്ത്താരി കൂടി ചേർത്ത് പൂർത്തിയാക്കുന്നു.

ചതുരശ്ര നടയിൽ മധ്യകാല പ്രമാണത്തിൽ ഏകതാളം സമത്തിന കൈത്താളമടിച്ച് ഭക്തിഭാവത്തോടുകൂടിയാണ് ആറന്മുള വഞ്ചിപ്പാട്ട് പാടുന്നത്. 1-5-9-13 അക്ഷരങ്ങളിൽ താളം അടിക്കണം."തകധിമി ' എന്ന അളവാണ് ചതുരശ്രജാതി 'കഥാസാരം ഉൾക്കൊണ്ടു പാടണം പാട്ട് ഉച്ചസ്ഥായിയിൽ പാടണം. പാട്ടിന്റെ താളം വള്ളം കളിയിൽ അതിപ്രധാനമാണ്. താളം ഒപ്പിച്ചാണ് തുഴ ഇടുന്നത്. പാട്ടിന്റെ താളം തെറ്റിയാൽ തുഴക്രമം തെറ്റും ' .

**സന്ദർഭോചിത വഞ്ചിപാട്ടുകൾ**

വഞ്ചിപ്പാട്ടുകൾ എന്ന പറയുമ്പോൾ വഞ്ചി തുഴയുമ്പോൾ പാടുന്ന പാട്ടുകൾ എന്ന് നാം കരുതാം. എന്നാൽ വഞ്ചി തുഴയുന്ന സന്ദർഭങ്ങളിലല്ലാതെയും കേരളത്തിൽ വഞ്ചി പ്പാട്ടുകൾ പാടും. 'കരവഞ്ചി പാടുക ' എന്നാണ് ഇതിനെ പറയാറ്. ആറന്മുള ശൈലിയിൽ കരവഞ്ചി പ്പാട്ടുകൾ വളരെ വ്യാപകമായി ഉപയോഗിക്കാറുണ്ട്.

ആറന്മുള വള്ളസദ്യ നടക്കുന്ന സമയത്ത് സദ്യ വിഭവങ്ങൾ ആവശ്യപ്പെടുന്നത് ന തോന്നത വൃത്തത്തിലുള്ള പാട്ടുകൾ പാടിക്കൊണ്ടാണ്. സദ്യക്ക് എരിശ്ശേരി ചോദിക്കുന്നതിന് ഒരു ഉദാഹരണം

"മുറപോലെയൊരുക്കിയ വറുത്തെരിശ്ശേരിവേണം

മുറജപപ്രസാദം പോൽ വിളമ്പീടേണം."

ചീരത്തോരൻ :

"ഇലക്കറിയിൽ പ്രധാനമാം ചീരത്തോരൻതന്നീടേണം

മടന്തയും തകരയും വിളമ്പിടേണം"

വിവാഹത്തിന് വരനെ സ്വീകരിക്കുന്നത് വഞ്ചിപ്പാട്ടുകൾ പാടിക്കൊണ്ടാണ് . സമ്മേളനത്തിനും മറ്റും വിശിഷ്ടാ തിഥികളെ സ്വീകരിക്കുന്നതിനും ഉൽസവ കാലങ്ങളിൽ

ബന്ധുക്കര സ്വീകരണത്തിനും പടയണിയിൽ കോലം എഴുന്നെള്ളിക്കുന്ന സ്ഥലങ്ങൾ, സ്കൂൾ സർവകലാശാലകളുടെ കലാമൽസരങ്ങളുടെ ഘോഷയാത്രകൾ വിജയാഹ്ലാദ പ്രകടന ങ്ങൾ . ഭാഗവത സപ്താഹത്തിന്റെ സമാപനം കുറി/ച്ച കൊണ്ടുള്ള അവഭൃത സ്നാനഘോഷയാത്രകൾ, ആറന്മുള വള്ളസദ്യ സ്വീകരണം, യാത്രയയപ്പ ചടങ്ങുകൾ തുടങ്ങിയവയിലെല്ലാം സന്ദർഭോചിത വഞ്ചിപ്പാട്ടുകൾ പാടാറുണ്ട്.

സന്ദർഭോചിത വഞ്ചിപ്പാട്ടുകൾ ഒരു പ്രത്യേക വഞ്ചിപ്പാട്ട കൃതിയല്ല . വിവിധങ്ങളായ വഞ്ചിപ്പാട്ട കൃതികളിലെ ഈരടികൾ ഒരു സന്ദർഭത്തിന് അനുസരച്ച് ഉചിതമായി പാടുന്നതാണിത്.

ഉദാ: വിവാഹത്തിന് ബന്ധുക്കളും കരക്കാരും ചേർന്ന് വരനെ സ്വീകരിക്കുമ്പോൾ സാധാരണ പാടുന്ന ഒരു പാട്ട് നളചരിതം വഞ്ചിപ്പാട്ടിലേതാണ്

" ഇന്ദ്രനിന്ദ്രാണിക്കു ചേരുമിന്ദിരക്കച്യുതൻ ചേരും

ചന്ദ്രചൂഡൻഭഗവാനങ്ങു മക്കു ചേരും

അവൾക്കു തുല്യയായുള്ളോരംഗനമാരില്ല പാരിൽ

നിനക്കൊത്ത പുരുഷരും ചുരുക്കമത്രേ "

ആറന്മുള പള്ളിയോട ക്കരകളിലെ പ്രവർത്തകർ പരസ്പരം ബഹുമാനിച്ച് സ്വീകരണങ്ങൾ ഏർപ്പെടുത്തുന്ന പതിവ് ആറന്മുളയിൽ ഉണ്ടായിരുന്നു. ഇതിനെയാണ് 'ബന്ധുക്കര സ്വീകരണം' എന്നു പറയുന്നത്. മറ്റ് കരകളിൽ നിന്ന് എത്തുന്ന വ്യക്തികളെ ആദരവോടെ സ്വീകരിക്കുമ്പോൾ കുചേലവൃത്തം വഞ്ചിപ്പാട്ടിലേയും സന്താനഗോപാലം വഞ്ചിപ്പാട്ടിലേയും വരികൾ പാടാറുണ്ട്. കൂടുതൽ ഉപയോഗിക്കുന്നത്

" തിരുകയ്യും പിടിച്ചിരു പേരുമായങ്ങെഴുന്നെള്ളി

വമ്പെഴും പാലാഴി തന്നിൽ ചെന്നു പുക്കപ്പോൾ"

എന്ന സന്താനഗോപാലത്തിലെ വരികളാണ്. അതുപോലെ ഭാഗവത സപ്താഹചടങ്ങ്, പള്ളിയോടങ്ങളിലെ വെറ്റപോല സമർപ്പണം, പഴക്കുല സമർപ്പണം വള്ള സദ്യ ചടങ്ങുകൾ തുടങ്ങിയവക്കെല്ലാം ഉത്തമമായ വഞ്ചിപ്പാട്ട കൃതികളിലെ വരികൾ ഔചിത്യ പൂർവ്വം മധ്യതിരുവിതാം കൂറിൽ ആറന്മുള ശൈലിയിൽ പാടും .

ആറന്മുള ശൈലി വഞ്ചിപ്പാട്ടാലാപനത്തിൽ പാട്ടിന്റെ താളം ഓട്ടകയോ വലിയുകയോ ചെയ്യില്ല. പാട്ട് തുടക്കം മുതൽ അവസാനിക്കുന്നതുവരെ താളത്തിൽ ഒരേ കാല പ്രമാണം പിൻ തുടരുന്നു. ദേവപ്രീതിക്ക് വേണ്ടി നടത്തുന്ന അനുഷ്ഠാനങ്ങളുടെ ഭാഗമായി ഇത് ആലപിക്ക പ്പെടുന്നതിനാൽ ഒരു അനുഷ്ഠാന ഗാനരൂപമായും ആറന്മുള വഞ്ചിപ്പാട്ടുകളെ വിശേഷിപ്പിക്കാം.

**കുട്ടനാടൻ ശൈലിയിലുള്ള വഞ്ചിപ്പാട്ടുകൾ**

വഞ്ചിപ്പാട്ട് അവതരണത്തിലെ പ്രബലമായ മറ്റൊരു ശൈലിയാണ് കുട്ടനാടൻ ശൈലി . ഒരു കായിക വിനോദം എന്ന നിലയിലാണ് കുട്ടനാടൻ വഞ്ചിപ്പാട്ടുകൾ അവതരിപ്പിക്ക പ്പെടുന്നത്. ആറന്മുള പ്പാട്ടുകളുടെ ജലപാത പമ്പാ നദിയാണെങ്കിൽ വേമ്പനാട്ടുകായൽ ഉൾപ്പെടുന്ന ആലപ്പുഴയുടെയും പരിസര പ്രദേശങ്ങളുടെയും കായൽ പരപ്പുകളിലാണ് കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ടുകളുടെ ജലപാത . പൊതുവേ ദ്രുതഗതിയിലുള്ള പാട്ടുകളാണ് കുട്ടനാടൻ പാട്ടുകൾ. പൊതുവേ ഊർജ്ജസ്വലമായ ഈ പാട്ടുകൾ അവതരണത്തിലും ആറന്മുള വഞ്ചിപ്പാട്ടുകളിൽ നിന്നും വേറിട്ടു നിൽക്കുന്നു.

നതോന്നത വൃത്തത്തിൽ എഴുതിയ ഏത് കാവ്യവും കുട്ടനാടൻ വഞ്ചിപ്പാട്ട് ആലാപനത്തിൽ ഉപയോഗിക്കും. രാമപുരത്തു വാര്യരുടെ കുചേലവൃത്തം വഞ്ചി പ്പാട്ട് വ്യാപകമായി ഉപയോഗിക്കുന്നതെങ്കിലും കുമാരനാശാന്റെ 'കരുണ' വള്ളത്തോളിന്റെ സാഹിത്യ മഞ്ജരിയിലെ കവിതകൾ, ഉള്ളൂരിന്റെ ചിത്രശാല തുടങ്ങിയ കൃതികളിൽ നിന്നെല്ലാം നതോന്നതയുടെ ശീലുകൾ കുട്ടനാടൻ ശൈലിയിൽ ധാരാളമായിപാടി വരുന്നുണ്ട്.

കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ട് അവതരണ രീതി:

കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ടുകളുടെ അവതരണ രീതി പരിശോധിക്കുമ്പോൾ ആരംഭം മുതൽ അവസാനം വരെ മൽസര പ്രതീതിയാണ് കാണുന്നത്.

'ആർപ്പോയ്.........ഇർറോ.....ഇർറോ അല്ലെങ്കിൽ ആർപ്പോയ് കർകീയോ ........ എന്നിങ്ങനെയുള്ള ആർപ്പ വിളികളും കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ടിൽ തുടക്കത്തിൽ കാണും.ആറന്മുള ശൈലിയിലാകട്ടെ 'ഗോവിന്ദ തിരുനാമസങ്കീർത്തനം ഗോവിന്ദ ഹരി.......' എന്ന തുടങ്ങുന്ന ആലാപനത്തോടെയാണ് തുടങ്ങുന്നത്. ഇതു തന്നെ രണ്ടു ശൈലികളുടെയും തനിമയും വേർതിരിവും എടുത്തു കാട്ടുന്നു.

കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ടിൽ മുൻപാട്ടുകാരൻ ഉച്ചസ്ഥായിയിൽ ' ആർപ്പോയ് ' എന്ന് ആർപ്പിടുമ്പോൾ കൂടെ പാടുന്നവർ കർകിയോ...... കർകിയോ..എന്ന് ഉറക്കെ പിൻതുണ നൽകി പാടും. അതുപോലെ താളക്കാരനായി നിയോഗിച്ചിട്ടുള്ള ആൾ ഒരു തടിക്കഷണം കൊണ്ട് ഇടിച്ച് താളം പിടിക്കുകയും ചെയ്യും. ആറന്മുള ശൈലിയിൽ തുടക്കം താള പിടിച്ചല്ല തുടങ്ങുന്നത്. ആറന്മുള ശൈലിയിൽ വഞ്ചിപ്പാട്ട് പാടുമ്പോൾ തടിക്കഷണം കൊണ്ടിടിച്ചോ വിസിലടിച്ചോ താളം പിടിക്കുവാൻ പാടില്ല. പള്ളിയോടങ്ങളിൽ ദൈവ സാന്നിദ്ധ്യം ഉണ്ടെന്ന വിശ്വാസം ഉള്ളതിനാൽ കാലു കൊണ്ട ചവിട്ടി താളം പിടിക്കുകയും ചെയ്യില്ല.

വഞ്ചിപ്പാട്ട് സാഹിത്യത്തിലെ സാഹിത്യം പാടുന്നതിനു മുമ്പ് തന്നെ കുട്ടനാടൻ ശൈലി ആലാപനത്തിൽ വായ്ത്താരി പാടും.

' ആർപ്പോം ..... കർ കിയോ....... കർ കിയോ........

തകതെയ് തക തെയ് തക തക തോ തകൃതീ തിത്തക താരക തിമൃതൈ എന്നിങ്ങനെയാണ് തുടക്കത്തിലെ വായ്ത്താരി. ഒരോ വരിയും എട്ടക്ഷരം മുറിച്ചാണ് പാടുന്നത്. ഉദാഹരണത്തിന് കുമാരനാശാന്റെ കരുണയിലെ വരികൾ നോക്കാം

'അഴകോടനഗരത്തിൽ തെക്കുകിഴക്ക ുവഴി

ഒഴുകും യമുനതന്റെ പുളിനം കാൺമൂ'

ആർപ്പു വിളിക്കും ആദ്യ വായ്ത്താരിക്കും ശേഷം ' അഴകോടനഗരത്തിൽ ' ഇങ്ങനെ മുൻ പാട്ടുകാരൻ എട്ടക്ഷരത്തിൽ പാടി നിറുത്തുമ്പോൾ കൂടെ പാടുന്നവർ ' തെയ് തെയ് തക തെയ് തെയ് തോ എന്ന് വായ്ത്താരി പാടും . തുടർന്ന് മുൻപാട്ടുകാരൻ വരി മുഴുവൻ പാടും ' പിന്നാലേ കൂടെപ്പാടുന്നവർ വരി പാടും. തുടർന്ന് മുൻപാട്ടുകാരനും കൂടെയുള്ളവരും ചേർന്ന് വരി ആവർത്തിച്ച് പാടും.

' മുകളിൽ പറഞ്ഞ ഉദാഹരണത്തെ അടിസ്ഥാനമാക്കി ഇതു വിശദമാക്കാം.

ആർപ്പോയ്......... കർ കിയോ...... കർ കിയോ.........

തകതെയ് തകതെയ് തക തക തോ

തീ തിത്തക താരക തിമൃതൈ .......

അഴകോടനഗരത്തിൽ / (മുൻപാട്ടുകാരൻ)

തെയ്യത്തക തെയ് തെയ് തോ.....

അഴകോടനഗരത്തിൽ തെക്ക കിഴക്കി തുവഴി ( തലപ്പാട്ടുകാരൻ )

അഴകോടനഗരത്തിൽ തെക്കുകിഴക്കിതുവഴി .... ( കൂടെയുള്ളപാട്ടുകാർ)

അഴകോടനഗരത്തിൽ തെക്കുകിഴക്കിതു വഴി...... ( തലപ്പാട്ടുകാരനും കൂടെ പാടുന്ന വരും ഒരുമിച്ച്) തുടർന്ന്

തകതെയ് തക തെയ് തകതക തോ..

കർഗ് തീതിത്തക തെയ്യക തി കിതോ എന്ന വായ്ത്താരി പാടുന്ന അറുതിത്താളം എന്നാണ് ഈ വായ്ത്താരിയെ പറയുന്നത്.

കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ടാലാപനത്തിൽ വഞ്ചിപ്പാട്ടിന്റെ വരി പൂർണമായി പാടിയതിനു ശേഷം വായ്ത്താരി പാടുമ്പോൾ തടിക്കഷണം കൊണ്ടിടിച്ച് താളം പിടിക്കുന്നതിന്റെ കാല പ്രമാണം ദ്രുതഗതിയിലേക്ക് മാറി വരുന്നതായി കാണാം. ഈ അവതരണ രീതിയാണ് കുട്ടനാടൻ ശൈലി വഞ്ചിപ്പാട്ടിനെ ആറന്മുള ശൈലി വഞ്ചിപ്പാട്ടിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ആറന്മുള ശൈലി കൂടുതൽ സംഗീതാത്മകവും ഭക്തിഭാവം നിറഞ്ഞതുമാണ്. വള്ളം തുഴയുന്നതിന് കൂടുതൽ ഊർജം പകരുന്ന വിധത്തിലാണ് കുട്ടനാടൻ ശൈലി ശ്രദ്ധ നൽകുന്നത്.

**വെച്ചു പാട്ടുകൾ**

ആറന്മുള ശൈലിയിലും കുട്ടാനാടൻ ശൈലിയിലും വെച്ചു പാട്ട് എന്ന പേരിൽ വ്യത്യസ്തമായ വഞ്ചിപ്പാട്ടാലാപനരീതിയുണ്ട്. തുഴക്കാർക്ക് തുഴയുന്നതിന് വ്യത്യസ്ത ശൈലി ഉണ്ടാക്കുന്നതിനും വൈവിധ്യമായ താളങ്ങളെ പാട്ടുകാർക്ക് പിൻ തുടരുന്നതിനും വെച്ചു പാട്ടുകൾ അവസരമൊരുക്കുന്നു.

വെച്ചു പാട്ട് - ആറന്മുള ശൈലി

വെച്ചു പാട്ടായി ഉപയോഗിക്കുന്ന വഞ്ചിപ്പാട്ടു സാഹിത്യത്തിന് ഒരു വരിയിൽ 12 അക്ഷരമാണുള്ളത്. വൃത്തമഞ്ജരിയിൽ എ. ആർ പറയുന്ന കാകളി വൃത്തത്തിൽ എഴുതിയ വരികൾ വെച്ചു പാട്ടിന് ഉപയോഗിക്കും. വെച്ചു പാട്ടുപാടുന്ന രീതിക്കും വ്യത്യാസമുണ്ട്. സമ ഇടത്തിൽ തിശ്ര നടയിലാണ് ( തക്കിട്ട തക്കിട്ട) വെച്ചു പാട്ടിന്റെ തുഴച്ചിൽ രീതി. സാധാരണ വഞ്ചിപ്പാട്ടുപാടി ഒരു പ്രാവശ്യം തുഴയാൻ '8 ' അക്ഷരകാലം വേണ്ടി വരുമ്പോൾ വെച്ചു പാട്ടു രീതിയിൽ തുഴയാൻ 6 അക്ഷരകാലം മതിയാവും .

ആറന്മുള ശൈലിയിൽ വെച്ചു പാട്ടു രീതിയിലുള്ള വരി പാടുമ്പോൾ തലപ്പാട്ടുകാരൻ 6 അക്ഷരം മുറിച്ചു പാടുന്നു. തുടർന്ന് കൂടെയുള്ളവർ 'തീത്തത്താതെയ് തെയ് തോ' എന്ന വായ്ത്താരി പാടുന്നു. അതിനു ശേഷം താളം മുറിയാതെ മുൻപാട്ടുകാരൻ വരി പൂർണമായും

പാട്ടുകയും മറ്റുള്ളവർ രണ്ടു പ്രാവശ്യം ഏറ്റു പാട്ടുകയും ചെയ്യുന്നു. തുടർന്ന് 'അയ്യയ്യത്തേത്തേ തകൃതീത്തത്താ തെയ് തെയ്യോ ' എന്ന വായ്ത്താരി ഒരുമിച്ച് പാടുന്നു എല്ലാ വരികളും ഈ വിധത്തിലാണ് പാടുന്നത്. ' സാധാരണ ആറന്മുള ശൈലിയിൽ ഒരു വരി വഞ്ചി പ്പാട്ടു പാടിക്കഴിയുമ്പോൾ 24 പ്രാവശ്യം നയമ്പിട്ട് തുഴയും .സമാനമായ രീതിയിൽ കൈത്താളമടിക്കുകയും ചെയ്യും. വെച്ചു പാട്ടിന്റെ ഒറ്റ തുഴച്ചിൽ രീതിയിൽ ഒരു വരി പാടി കഴിയുമ്പോൾ 20 പ്രാവശ്യമാണ് നയമ്പിട്ട് തുഴയുന്നത്.

ഒരു ഉദാഹരണത്തിലൂടെ ഇത് വിവരിക്കാം.

അൻപിനോടാനന്ദ പൈതലാം കൃഷ്ണനും

അമ്പാടി തന്നിൽ വളരുന്ന കാലത്ത്

ഇവിടെ തലപ്പാട്ടുകാരൻ 'അൻപിനോടാനന്ദ 'എന്ന് ആറ് അക്ഷര ത്തിൽ നിറുത്തി തിശ്ര നടയിൽ പാടുമ്പോൾ

കൂടെയുള്ളവർ

'തിത്തത്താതെയ് തെയ്യോ ' എന്ന വായ്ത്താരി അതേ താളത്തിൽ പാടും തുടർന്ന് തലപ്പാട്ടുകാരൻ അൻ പിനോടാനന്ദ പൈതലാം കൃഷ്ണനുംഒന്നാം വരി മുഴുവൻ പാടും.

തുടർന്ന് മറ്റുള്ളവർ

'അൻ പിനോടാനന്ദ പൈതലാം കൃഷ്ണനും'

2 പ്രാവശ്യം ആവർത്തിച്ച പാടുന്നു ' എല്ലാവരും ചേർന്ന്

'അയ്യയ്യത്തേത്തേ തക തിത്തത്താ തെയ് തെയ് തോ'

എന്ന വായ്ത്താരി താളത്തിന് മാറ്റം വരാതെ ഊർജ്ജസ്വലതയോടെ പാടുന്നു.

ഇതിനെ അറുതിത്താളം എന്നാണ് പറയുന്നത്.

എല്ലാ വരികളും ഈ വിധത്തിലാണ് പാടുന്നത്.

വെച്ചു പാട്ട് കുട്ടനാടൻ ശൈലി

വിശിഷ്ട വ്യക്തികളെയും മറ്റും സ്വീകരിക്കുന്ന സന്ദർഭങ്ങളിലാണ് കുട്ടനാടൻ ശൈലിയിൽ സാധാരണ വെച്ചു പാട്ടുകൾ പാടുന്നത്.

കുട്ടനാടൻ ശൈലിയിലെ വെച്ചു പാട്ടിന്റെ വായ്ത്താരി ഇങ്ങനെയാണ്

' അയ്യയ്യത്തേത്തേ തകൃ തീത്തീ തകൃ തീത്തീ തകൃ തീത്തത്താ തെയ് തെയ് തോ ' എന്നാണ്. ' ത്തീ' എന്ന ദീർഘാക്ഷരം പാടുമ്പോൾ മുന്നോട്ടാഞ്ഞ് ഒറ്റ തുഴച്ചിൽ തുഴക്കാർ ചെയ്യുന്നു. കുട്ടനാടൻ വെച്ചു പാട്ടിലും ഒരു വരിയിൽ 12 അക്ഷരം വീതമുള്ള സാഹിത്യമാണ് ഉപയോഗിക്കുന്നത്. ഇതിൽ ആർപ്പോയ് വിളികളു വായ്ത്താരികളും ആദ്യമേ പാടും 'തടിക്കഷണം കൊണ്ട് താളം പിടിക്കുകയും ചെയ്യുന്നു. പാടുന്ന രീതി ഇങ്ങനെയാണ്.

കാകളി വൃത്തത്തിൽ എഴുതിയ മഹാഭാരതം കിളിപ്പാട്ടിലെ രണ്ടു വരികൾ ഉദാഹരിക്കാം

' വെള്ളത്തിലെത്തിരകൾ തള്ളുന്ന പോലെ

തള്ളി നടക്കുന്ന വെള്ള കുതിരകൾ'

ആർപ്പോയ്...... ( തലപ്പാട്ടുകാരൻ)

. കർ കിയോ കർ കിയോ (കൂടെ യുള്ളവർ)

അയ്യയ്യത്തേത്തേ തകൃതിത്തീ തകൃ തീത്തീ തകൃ തീത്തത്താ തെയ്യെയ്യോ ( തലപ്പാട്ടുകാരൻ)

വീണ്ടും വായ്ത്താരി കൂടെ യുള്ളവർ അവർത്തിക്കും

തുടർന്ന് തലപ്പാട്ടുകാരൻ

'വെള്ളത്തിലെത്തിര ' എന്ന് ആറക്ഷരം മുറിച്ചു പാടും

കൂടെയുള്ളവർ 'തീത്തത്താ തെയ് തെയ് തോ ' എന്ന വായ്ത്താരി പാടും.

തുടർന്ന്

വെള്ളത്തിലെത്തിരകൾതള്ളുന്ന പോലെ ' എന്ന് തലപ്പാട്ടുകാരൻ പാടും.

കൂടെ പ്പാടുന്നവർ ഒരു പ്രാവശ്യം ആവർത്തിച്ചു പാടും തുടർന്ന് തലപ്പാട്ടുകാരനും കോറസും ചേർന്ന് വരി പൂർണമായും അവർത്തിച്ചു പാടുന്നു. തലപ്പാട്ടുകാരനും കോറസ്സും ചേർന്ന് അറുതിത്താളം പാടുന്നു

നതോന്നത വൃത്തത്തിൽ എഴുതിയ കാവ്യങ്ങൾ മാത്രമാണ് വഞ്ചിപ്പാട്ടിന് ഉപയോഗിക്കുന്നത് എന്ന വാദത്തെ വെച്ചു പാട്ടുകൾ നിരാകരി ' ക്കുന്നു. രണ്ടു വരിയിലും ഒരേ പോലെ അക്ഷരങ്ങൾ വരുന്ന കാകളി വൃത്തമാണ് വെച്ചു പാട്ടുകൾക്ക് രണ്ട് ശൈലികളിലും ഉപയോഗിക്കുന്നത് എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നു.

**ഉപസംഹാരം**

ഒരു വലിയ ജനസമൂഹത്തിന്റെ സാംസ്കാരിക വൈവിധ്യത്തിന്റെ ഏകത്വമാണ് ആറന്മുള വഞ്ചിപ്പാട്ടിലും കുട്ടനാടൻ വഞ്ചിപ്പാട്ടിലും കാണുന്നത്. ആറന്മുള പള്ളിയോടങ്ങളിൽ വഞ്ചിപ്പാട്ടു പാടി തുഴയുമ്പോൾ ഭക്തിഭാവത്തിനാണ് ഏറെ പ്രാധാന്യം. ദശാവതാരങ്ങളിൽ ശ്രീകൃഷ്ണാവതാരത്തെ സ്തുതിച്ചു കൊണ്ടുള്ള പാട്ടുകളാണ് അവയിൽ പ്രധാനം. ഭാഗവത കഥകളും മഹാഭാരതകഥകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പാട്ടുകൾ നൂറ്റാണ്ടുകളായി പാടി പ്രസിദ്ധിയാർജ്ജിച്ചവയാണ്. ധാരാളം വഞ്ചിപ്പാട്ടുകൾ ആറന്മുള പ്രദേശത്ത് പ്രചാരത്തിൽ ഉണ്ടെങ്കിലും രാമപുരത്തുവാര്യർ രചിച്ച കുചേലവൃത്തം വഞ്ചിപ്പാട്ടാണ് ആറന്മുള പള്ളിയോടങ്ങളിലും വള്ള സദ്യയിലും സന്ദർഭോചിതമായി പാടുന്നതിന് ഏറ്റവും ഉത്തമമായി ഭക്തർ കരുതി വരുന്നത്. ആറന്മുള വഞ്ചിപ്പാട്ടുകൾ ഒഴുക്കിനെതിരെ ദീർഘദൂരം പാടിക്കളിച്ച് തുഴയുന്നതിന് സഹായകമായ രീതിയിലും കു.ട്ടനാടൻ ശൈലി മൽസരബുദ്ധിയോടെ ഏറ്റവും കൂടുതൽ വേഗത്തിൽ വള്ളം തുഴഞ്ഞു കളിക്കുന്നതിനും സഹായകമായ രീതിയിലുമാണ് പൂർവികർ ചിട്ട ചെയ്തിരിക്കുന്നത്. രണ്ടു ശൈലികളിലുള്ള വഞ്ചപ്പാട്ടുകൾക്കും ഒരേ സാഹിത്യം ഉപയോഗിക്കുന്നു എന്നത് വഞ്ചിപ്പാട്ടുകളുടെ ഏകഭാവം പ്രകടമാക്കുമ്പോൾ അവതരണ രീതിയിലെ ഭേദതലങ്ങൾ അവയുടെ വൈവിധ്യം വിളിച്ചോതുന്നു. വൈവിധ്യത്തിലെ ഏകത്വം എന്ന ഭാരതീയ

സാംസ്കാരിക പൈതൃകത്തിന്റെ ഒരു മാതൃക തന്നെയാണ് വിഭിന്ന ശൈലിയിലുള്ള വഞ്ചിപ്പാട്ടുകളും അവയുടെ അവതരണഭേദങ്ങളും വ്യക്തമാക്കുന്നത്.

**സഹായ ഗ്രന്ഥങ്ങൾ**

- കുചേലവൃത്തം വഞ്ചിപ്പാട്ട് പഠന വ്യാഖ്യാനം - ഡോക്ടർ ബിൻസി മാത്യു- രാമപുരത്തുവാര്യർ മെമ്മോറിയൽ പബ്ലിക് ലൈബ്രറി പ്രസിദ്ധീകരണം
- വള്ളം കളിയും വഞ്ചിപ്പാട്ടുകളും - പ്രൊഫസർ ഇടനാട് രാധാകൃഷ്ണൻ നായർ - കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്
- ഹരി ഗോവിന്ദം - എഡിറ്റർ ' കെ. രാജേഷ് കുമാർ - വേദ ബുക്ക്സ്

**വിവരശേഖരണത്തിന് സഹായിച്ച കലാകാരന്മാർ**

1 ശ്രീ മധുസൂദനൻ പിള്ള

ലക്ഷ്മി വിലാസം, ഇടയാറന്മുള

2 ശ്രീ ചമ്പക്കുളം ബേബി

സുനിൽകുമാർ.കെ

എച്ച് എസ് എസ് ടി മലയാളം

ഗവ : എച്ച്. എസ് . എസ് പുനലൂർ , കൊല്ലം